(ബി) 1996-97 ലും 1997-98ലും റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ് മെന്റ് ഫണ്ടിൽ ഗ്രാമീണ റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല. 30.12.97-ൽ 70 റോഡുകളുടെയും 21.4.98-ൽ 8 റോഡുകളുടെയും 8.7.1998-ൽ 5 റോഡുകളുടെയും പ്രോജക്ടുകൾക്ക് നബാർഡിന്റെ അനുമതി ലഭിച്ചു. ഇതിൽ ഒരെണ്ണം പിന്നീട് റദ്ദാക്കി. 1998-99-ൽ 37 റോഡുകൾക്കും അനുമതി ലഭിച്ചിട്ടുണ്ട്. 1998-99-ൽ പൂർത്തിയാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നെങ്കിലും പൂർത്തിയാകാത്തതിനാൽ കാലാവധി 2000 മാർച്ചു വരെ നീട്ടികിട്ടുന്നതിന് നബാർഡിനോടാവശ്യപ്പെട്ടിട്ടുണ്ട്. അവസാനം അനുമതി ലഭിച്ച 37 റോഡുകളുടെ പണി 2001-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ബ്ലോക്ക് പഞ്ചായത്തുകൾ ശുപാർശ ചെയ്യുന്നതും 8 മീറ്റർ വീതിയുള്ളതുമായ റോഡുപണികളാണ് നബാർഡിലേക്ക് അയക്കുന്നത്. നിശ്ചിത ഫോറത്തിൽ വിവരങ്ങൾ രേഖപ്പെടുത്തി അനുബന്ധങ്ങളുമായി സമർപ്പിക്കുന്ന അപേക്ഷകളാണ് പരിഗണിക്കുന്നത്.

9 (3462) സംയോജിത തരിശുഭൂമി വികസന പരിപാടി

പ്രൊഫസർ എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സംയോജിത തരിശുഭൂമി വികസന പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) എതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്;

(സി) ഇതിനുള്ള സാമ്പത്തിക സഹായം ഏതെല്ലാം ഏജൻസികളിൽ നിന്നാണ് ലഭ്യമാക്കുന്നത്;

(ഡി) ഈ പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വനവൽക്കരണം വനഭൂമിയുടെ പുനരുദ്ധാരണം, പരിസ്ഥിതി സംരക്ഷണത്തോടുകൂടിയ നീർത്തടവികസനം, മണ്ണുസംരക്ഷണം മുതലായവയാണ് സംയോജിത തരിശുഭൂമി വികസന പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. വനവൽക്കരണത്തോടൊപ്പം വൃക്ഷങ്ങളുടെ വ്യാപകമായ പരിചരണവും മറ്റു വനവിഭവങ്ങളുടെ ഉല്പാദനവും തൊഴിൽദാനവും ലക്ഷ്യങ്ങളിൽപ്പെടുന്നു. ഭൂമിയുടെ അശാസ്ത്രിയമായ വിനിയോഗം തടയുക, പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുക എന്നിവയും ദീർഘകാലാടിസ്ഥാനത്തിലുള്ള ലക്ഷ്യങ്ങളാണ്.

(ബി) മലപ്പുറം, പാലക്കാട് (രണ്ടെണ്ണം), വയനാട്, തൃശ്ശൂർ, ഇടുക്കി എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. തൃശ്ശൂർ, മലപ്പുറം പദ്ധതികളുടെ കാലാവധി 95 മാർച്ചിലും, പാലക്കാട് പദ്ധതിയുടെ കാലാവധി 98 മാർച്ചിലും വയനാട് പദ്ധതിയുടെ കാലാവധി 98 മാർച്ചിലും ഇടുക്കി പദ്ധതിയുടെ കാലാവധി 99 മാർച്ചിലും അവസാനിച്ചിരിക്കുകയാണ്.

(സി) കേന്ദ്ര സർക്കാരിനു കീഴിലുള്ള ദേശീയ തരിശുഭൂമി വികസന ബോർഡിന്റെ ധനസഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

(ഡി) ഉണ്ട്

പുരോഗതി ചുവടെ ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പദ്ധതിയുടെ പേര്	പദ്ധതി പ്രദേശത്തിന്റെ വിസ്തീർണ്ണം		സാമ്പത്തിക പുരോഗതി		
		ലക്ഷ്യം (ഹെക്ടർ)	നേട്ടം (ഹെക്ടർ)	അനുവദിച്ച തുക (ലക്ഷത്തിൽ)	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
1	പാലക്കാട് പ്രോജക്ട് I	6000	2328	372.25	336.80	135.54
2	പാലക്കാട് പ്രോജക്ട് II	4900	1214	313.60	309.72	91.89
3	വയനാട്	4500	1267	315.47	164.90	89.92
4	തൃശ്ശൂർ	2030	1250	157.59	119.06	119.06
5	മലപ്പുറം	2300	1300	202.50	121.50	120.55
6	ഇടുക്കി	10050	-	403.20	179.35	104.62
	ആകെ	29780	7359	1764.61	1231.33	661.58

10 (3463) റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട്

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

ശ്രീ. എൻ. അനിരുദ്ധൻ :

ശ്രീ. പി. നാരായണൻ :

ശ്രീ. സി.എൻ. ജയദേവൻ :

ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നും എന്തെല്ലാം കാര്യങ്ങൾക്ക് വായ്പ അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 1996-ന് ശേഷം ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിന് ഇതുവരെ എന്തു തുക വായ്പ അനുവദിച്ചിട്ടുണ്ടെന്നും എത്ര റോഡുകൾക്കാണ് അനുവദിച്ചതെന്നും അറിയിക്കുമോ;

(സി) ഈ കാലയളവിൽ മറ്റിനങ്ങളിൽ ഇതുവരെ എന്തു തുക വായ്പ അനുവദിച്ചിട്ടുണ്ട്. ഇനം തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) ഗ്രാമപ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള നബാർഡിന്റെ ആർ.ഐ.ഡി.എഫ്. ഫണ്ടിൽ നിന്നും ഗ്രാമീണ റോഡുകൾ, ചെറുകിട ജലസേചനപദ്ധതികൾ, നീർമറി വികസന പദ്ധതികൾ, കോൾലാന്റ് വികസന പദ്ധതികൾ, ഉൾനാടൻ ജലഗതാഗതം, മണ്ണുസംരക്ഷണം, കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾക്കും പാലങ്ങൾക്കും നബാർഡിന്റെ ആർ.ഐ.ഡി. എഫ്. ഫണ്ടിൽ നിന്നും വായ്പ ഇപ്പോൾ അനുവദിക്കുന്നുണ്ട്.

(ബി) 1996-ന് ശേഷം റോഡുകളുടെ നിർമ്മാണത്തിന് മൊത്തം 44.25 കോടി രൂപ നബാർഡ് 177 റോഡുകൾക്കായി അനുവദിച്ചിട്ടുണ്ട്.

(സി) 1996-97 മുതൽ മറ്റ് ഇനങ്ങൾക്കായി മൊത്തം 205.923 കോടി രൂപ നബാർഡ് അനുവദിച്ചിട്ടുണ്ട്. ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly